**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4531** **10-08-2021 - ൽ മറുപടിയ്ക്ക്**

**പുതുതായി രൂപീകരിച്ച സർവ്വകലാശാലകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പുതിയ സർവ്വകലാശാലകൾ രൂപീകരിക്കുമ്പോൾ നിലവിലുള്ള സർവ്വകലാശാലകളുടെ ജോലിഭാരം കുറയുകയും അവിടെയുള്ള ജീവനക്കാരെ പുതുതായി രൂപീകരിച്ച സർവ്വകലാശാലകളിൽ നിയമിക്കുന്നത് ചുരുക്കം ജീവനക്കാരെ മാത്രം ഓപ്ഷൻ വഴിയും ബാക്കി ജീവനക്കാരെ മറ്റ് മാർഗ്ഗങ്ങളിലൂടെയുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പുതിയ സർവ്വകലാശാലകൾ രൂപീകരിക്കുമ്പോൾ നിലവിലുള്ള സർവ്വകലാശാലകളിൽ നിന്നും ജീവനക്കാരെ ഓപ്ഷൻ വഴി പുതിയ സർവ്വകലാശാലകളിൽ നിയമിക്കാറുണ്ട്. |
| (ബി) | പുതിയ സർവ്വകലാശാലകൾ രൂപീകരിക്കുമ്പോൾ നിലവിലുള്ള സർവ്വകലാശാലകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുന്നതിനും എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾക്ക് കോട്ടം വരാത്ത രീതിയിലാണ് പുതിയ സർവ്വകലാ ശാലകൾ രൂപീകരിക്കാറുള്ളത് |
| (സി) | കേരള സാങ്കേതിക സർവ്വകലാശാലയിൽ ഇതര സർവ്വകലാശാലകളിൽ നിന്നും ഏതെല്ലാം തസ്തികയിൽ ഓപ്ഷൻ വഴി നിയമനം നടത്തിയെന്ന് അറിയിക്കുമോ; | (സി) | ക്രമ നം. തസ്തികയുടെ പേര് അനുവദിച്ച തസ്തികകളുടെ എണ്ണം (FOR HQ) ഓപഷൻ വഴി നികത്തിയവരുടെ എണ്ണം 1 Joint Registrar മൂന്ന് NIL 2 Deputy Registrar എട്ട് 3 3 Assistant Registrar ഏഴ് 4 4 Section Officer പതിമൂന്ന് 13 5 Assistant പതിനാറ് 11 6 Clerical Assistant നാല് 4 |
| (ഡി) | കേരള സാങ്കേതിക സർവ്വകലാശാലയിൽ കൂടുതൽ ജീവനക്കാരെ മറ്റ് സർവ്വകലാശാലയിൽ നിന്നും നിയമിച്ച് വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും പരീക്ഷ നടത്തുന്നതിനുള്ള കാലതാമസവും മറ്റും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സർവകലാശാലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി സ്വന്തമായി ഒരു ഐറ്റി ഡവലപ്മെന്റ് ടീം ഉടൻ തന്നെ സജ്ജമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. എ പി ജെ സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ ടെക്നിക്കൽ സോഫ്റ്റ്.വെയർ ഇന്റഗ്രേഷൻ മുഖേന അക്കാഡമിക്ക് പരീക്ഷാ സംബന്ധവും ആയ ജോലികൾ നടന്നു വരുന്നു. സർവകലാശാലയുടെ പ്രവർത്തനം പൂർണമായും ഇ-ഗവേർണൻസ് പ്ലാറ്റ്ഫോമിലൂടെ ആയതിനാൽ സാങ്കേതിക വൈദഗ്ദ്യമുള്ള ജീവനക്കാരെയും |

| | | | |
|---|---|---|---|
| | | | അനദ്ധ്യാപക ജീവനക്കാരെയും നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ